# “ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും”

( യോഹന്നാൻ 12:32)

വിചിന്തനം:

“We are an Easter people; Helleluiah is our Song.” വി. അഗസ്റ്റിന്റെ വാക്കുകൾ കടമെടുത്തു വി. ജോൺ പോൾ രണ്ടാമൻ പാപ്പ 1986 നവംബറിലെ തന്റെ വിശ്വാസികൾക്കുള്ള പ്രതിവാരസന്ദേശത്തിൽ പറഞ്ഞു: ക്രൈസ്തവർക്കു ലോകത്തോടു പറയാനുള്ള ഏതു സന്ദേശത്തിന്റെയും താക്കോൽ ആനന്ദമാണ്; കാണിക്കാനുള്ള എല്ലാ കാഴ്ചയുടെയും വാതിൽ ആനന്ദമാണ്. ഉത്ഥിതനായ ക്രിസ്തുവിന്റെ കല്ലറയിൽ നിന്നാണ് ഓരോ ക്രിസ്ത്യാനിയും ഈ ആനന്ദം സ്വന്തമാക്കേണ്ടത്. യേശുവിന്റെ ഉത്ഥാനം നമ്മുടെ ക്രിസ്തീയവിശ്വാസത്തിന്റെ വെറും ഭാഗമല്ല, അതാണു നമ്മുടെ വിശ്വാസത്തിന്റെ ആകെത്തുക. ഈ വിശ്വാസമാണു ക്രൈസ്തവന്റെ ആനന്ദത്തിന്റെ ആധാരം. ഈ ആനന്ദം നമ്മുടെ വാക്കുകളിലും അനുദിന ജീവിതപ്രവർത്തനങ്ങളിലും പടരുന്നതു യേശുവിന്റെ ജനന-മരണ-ഉത്ഥാനങ്ങളുടെ ഈ രക്ഷാകരരഹസ്യത്തിന്റെ വെളിച്ചത്തിൽ നാം മുങ്ങിനിവരുമ്പോഴാണ്.

ഈ ഉത്ഥാനസന്തോഷം ജീവിതശൈലിയാക്കാൻ ഒരു ക്രിസ്ത്യാനി ധ്യാനിക്കേണ്ട അഞ്ചു രഹസ്യങ്ങളാണു നമ്മുടെ ഈ മാസത്തെ വിചിന്തനവിഷയം. ഈ രഹസ്യങ്ങൾ കുരിശിന്റെ വഴിയിൽ യേശുവിനോടു ചേർന്നു നടന്ന അഞ്ചു വ്യക്തികളുടെ ജീവിതങ്ങളാണ്: വേറോനിക്ക, കൈറീൻകാരൻ ശിമയോൻ, മഗ്ദലേന മറിയം, പത്രോസ്, യൂദാസ്. ഈ അഞ്ചു പേരുടെയും സന്ദേശങ്ങളെ ധ്യാനിക്കുന്നത്, നമ്മുടെ ജീവിതത്തിന്റെ മുറിവുകളാക്കുന്നതു നമ്മെ ഉത്ഥാനസന്തോഷത്തിൽ ജീവിക്കുന്നവരാക്കും.

1. വേറോനിക്ക: “വിജയത്തിന്റെ വാഹക” എന്നാണു പേരിന്റെ അർത്ഥം (Bearer of Victory). Vera എന്ന വാക്കിനു തൽസ്വരൂപം (true image) എന്നുകൂടി അർത്ഥമുണ്ട്. പ്രവൃത്തികളുടെ തിരക്കിൽ യേശുവിന്റെ മുഖം നഷ്ടപ്പെടാൻ അനുവദിക്കാതെ തന്റെ മനസ്സിലെ തൂവാലയിൽ ഒപ്പിയെടുക്കാൻ ധൈര്യം കാണിച്ച വേറോനിക്കായുടെ സ്നേഹതീക്ഷ്ണതയാണു നമ്മുടെ ഒന്നാം രഹസ്യം. വ്യക്തിപരമായ പ്രാർത്ഥനയിലും ദൈവവചന ശ്രവണത്തിലൂടെയും ചുരുൾ നിവരുന്ന അവിടുത്തെ തിരുമുഖം ഓരോ ദിവസത്തെയും തിരക്കുകൾക്കിടയിൽ ഒപ്പിയെടുത്തു സ്വന്തമാക്കാൻ സാധിക്കുന്നവർ ഉത്ഥാന-ആനന്ദത്തിന്റെ പാതയിലാണ്.

2. കൈറീൻകാരൻ ശിമയോൻ: സമാന്തരസുവിശേഷങ്ങൾ മൂന്നും കുരിശിന്റെ വഴിയിലെ ശിമയോന്റെ പ്രവൃത്തിയെ രേഖപ്പെടുത്തിയിട്ടുണ്ട്. ‘ശ്രവിക്കുന്നവൻ, ശ്രദ്ധിക്കുന്നവൻ’ എന്നൊക്കെ ആ പേരിനർത്ഥം. കുരിശെടുത്ത യേശുവിനെ ശ്രദ്ധിച്ചതാണ് ആ കുരിശു ശിമയോന്റെ തോളിലാവാൻ കാരണം. അപരന്റെ ജീവിതകുരിശികളിലേക്കുള്ള ശ്രദ്ധ, അവരുടെ വേദനകളുടെ ശ്രവണം നമ്മെയും കുരിശുധാരികളാക്കുന്നു. ഈ കുരിശെടുപ്പു വേദനകൾ നല്കുന്നതല്ല, യഥാർത്ഥ ഉത്ഥാനസന്തോഷത്തിലേക്കുള്ള കുരിശുകളാണ്. ശിമയോന്റെ ഈ ശ്രദ്ധയാണു സ്വന്തം മക്കളായ റൂഫസിനെയും അലക്സാണ്ടറെയും മിഷനറിമാരാക്കിയത് എന്നു ചരിത്രം.

3. മഗ്ദലേന മറിയം: യേശുവിന്റെ മരണത്തിനും ഉത്ഥാനത്തിനും ഒരുപോലെ സാക്ഷിയാകാൻ ഭാഗ്യം ലഭിച്ചവൾ. ഉത്ഥിതനായ യേശു ആദ്യം പേരെടുത്തു വിളിക്കുന്നവൾ മഗ്ദലനമറിയമാണ്. ഏഴു ബാധകൾ ആവേശിച്ചു പാതാളംവരെ താഴ്ന്നെങ്കിലും യേശുവിന്റെ സ്പർശനത്താൽ ഉത്ഥാനത്തിന്റെ ആദ്യസാക്ഷിയായ സ്വർഗത്തോളം ഉയിർത്തപ്പെട്ടവൾ! സഭയിൽ നിന്നു വിഘടിച്ചു നില്ക്കുന്ന പ്രൊട്ടസ്റ്റന്റ് സഭാസമൂഹങ്ങൾപോലും വിശ്വാസനായിക എന്നു വാഴ്ത്തുന്നവൾ! യേശുവിന്റെ ഹൃദയഭാഷയിലൂടെ സഞ്ചരിക്കാൻ ക്ഷമതയുണ്ടായിരുന്ന ഒരു സ്ത്രീ. ശിഷ്യന്മാർ ഉപേക്ഷിച്ചപ്പോഴും ജനക്കൂട്ടം തള്ളിപ്പറഞ്ഞപ്പോഴും യേശുവിനെ അനുഗമിച്ച സ്ത്രീകളുടെ ഹൃദയം ഇന്നും നമുക്കൊരു രഹസ്യമാണ്; ധ്യാനിച്ചു സ്വന്തമാക്കേണ്ട രഹസ്യം. ഉത്ഥാനസന്തോഷത്തിന്റെ ആദ്യസാക്ഷികളാകാൻ നമ്മെ സഹായിക്കുന്നതും ഈ രഹസ്യത്തിന്റെ ചുരുളഴിക്കാൻ നാം ശ്രമിക്കുമ്പോഴാണ്.

4. പത്രോസ്: തള്ളിപ്പറഞ്ഞെങ്കിലും യോഹന്നാനൊപ്പം ഒരു കല്ലേറു ദൂരം അകലെ യേശുവിനെ അനുഗമിച്ചയാൾ. ഒറ്റിക്കൊടുത്തതിന്റെ പശ്ചാത്താപത്താൽ കണ്ണീരൊഴുക്കി കവിളിൽ രണ്ടു ചാലുകൾ തീർത്തവൻ. ഉത്ഥാനത്തിന്റെ യഥാർത്ഥ സന്തോഷം സജീവവും സനാതനവുമായ ദൈവവചനത്തിൽ നിന്നുള്ള വീണ്ടും ജനനമാണെന്നു പത്രോസ് വിശ്വസിച്ചു (1 പത്രോ. 1:23). യഥാർത്ഥ അനുതാപത്തിന്റെ വാതിലായ കുമ്പസാരത്തെ പുൽകാനുള്ള ആഗ്രഹം നമ്മെ പത്രോസെന്ന രഹസ്യത്തെ ധ്യാനിക്കുന്നവരാക്കും.

5. യൂദാസ്: പത്രോസിനെ യൂദാസിൽനിന്നു വേർതിരിക്കുന്നതു നൂലിട വ്യത്യാസമാണ്. പത്രോസ് തന്നെ യേശുവിനാൽ ഉപയോഗിക്കപ്പെടാൻ വിട്ടുകൊടുത്തു; യൂദാസാകട്ടെ തന്റെ ലക്ഷ്യം സാധിക്കാൻ യേശുവിനെ ഉപയോഗിച്ചു. കേവലം പണത്തിനുവേണ്ടി മാത്രമല്ല യൂദാസ് ഒറ്റിയത്. പാലസ്തീനായെ റോമാക്കാരിൽ നിന്നു മോചിപ്പിക്കുന്ന രാഷ്ട്രീയവിപ്ലവനായകനാക്കി യേശുവിനെ ഉപയോഗിക്കാൻ യൂദാസ് ശ്രമിച്ചു, പരാജയപ്പെട്ടു. യൂദാസും നമുക്കൊരു രഹസ്യമാണ്. സ്വാർത്ഥതയോടെ, ഗൂഢലക്ഷ്യങ്ങളോടെ ചെയ്യുന്ന സ്നേഹപ്രവൃത്തികൾപോലും മാരകപാപമാകാം. യൂദാസിന്റെ ചുംബനം വഞ്ചനയുടെ പര്യായമായതുപോലെ.

ക്രിസ്തീയ ആനന്ദം ഒത്തിരി ആവശ്യപ്പെടുന്നു നമ്മിൽനിന്ന്: വേറോനിക്കയെപ്പോലെ തിരക്കുകളിലും യേശുമുഖം മനസ്സിന്റെ തൂവാലയിൽ സൂക്ഷിക്കുന്നവരാകാൻ, ശ്രദ്ധയും ശ്രവണവും സ്വന്തമാക്കി ശിമയോനെപ്പോലെ കുരിശെടുക്കുന്നവരാകാൻ, മഗ്ദലനയെപ്പോലെ വിശുദ്ധിയുടെ മിഷനറിയാകാൻ, ഒറ്റിയാലും അനുതപിച്ചു തിരിച്ചുവന്നു യേശുവിനു സാക്ഷിയാകാൻ, യൂദാസിനെപ്പോലെ സ്വാർത്ഥലാഭത്തിനായി യേശുവിനെ ഉപയോഗിക്കാതിരിക്കാൻ. ഈ അഞ്ചു വ്യക്തികളും നമ്മുടെ ഉത്ഥാനജീവിതത്തിന്റെ അഞ്ചു മുറിവുകളാകട്ടെ, ധ്യാനവിഷയമാകട്ടെ.

വിശുദ്ധന്റെ മൊഴി:

കുരിശ് ചോദ്യമുന്നയിക്കുന്നു; ഉത്ഥാനം അതിനുത്തരം പറയുന്നു.
കുരിശ് ചോദിച്ചു: നീ നീതിമാനെ കുരിശിൽ തറയ്ക്കാൻ തിന്മയെ എന്തുകൊണ്ടു ദൈവം അനുവദിച്ചു? ഉത്ഥാനം ഉത്തരം പറഞ്ഞു: അതു തിന്മയേക്കാൾ ശക്തവും തീവ്രവുമായ ദൈവസ്നേഹത്താൽ എന്നേയ്ക്കുമായി കീഴടക്കപ്പെടുന്നതിനുവേണ്ടിയാണ്.
-ധന്യൻ ഫുൾട്ടൻ ജെ. ഷീൻ

സത്ക്രിയ:

ഭക്തയായ വേറോനിക്ക, കെവുറീൻകാരനായ ശിമയോൻ, മഗ്ദലേന മറിയം, പത്രോസ്, യൂദാസ് സ്കറിയോത്ത ഇവർക്കോരുത്തർക്കുമൊപ്പം മൂന്നു ദിവസം വീതം നമുക്കും യാത്ര ചെയ്താലോ? ധാരാളം കാര്യങ്ങൾ അവർക്ക് നമ്മെ പഠിപ്പിക്കാനാകും. കർത്താവിന്റെ കുരിശിലേയ്ക്കും അവിടുത്തെ സ്നേഹത്തിലേയ്ക്കും ഉറ്റുനോക്കികൊണ്ട്, രക്ഷാകരരഹസ്യങ്ങളിലേയ്ക്ക് എങ്ങനെ നടന്നടുക്കാനാകുമെന്നും പൂർണ്ണമായ ആനന്ദം നമുക്ക് പ്രദാനം ചെയ്യുന്ന ഉത്ഥിതനായ കർത്താവിനെ എപ്രകാരം കണ്ടുമുട്ടാനാകുമെന്നും തീർച്ചയായും അവർ നമുക്ക് പറഞ്ഞു തരും.

